"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമ പഞ്ചായത്തിൽ 2001 മുതൽ റോഡ് സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ കെ.ജി രവി യെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത TA 6168/2012 (WP(C)7900/2009) ഹർജിയിലെ OP(KAT) 279/2019 അപ്പീലിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14/07/2022 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1142/2026/LSGD തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:-

1. സ.ഉ(പി) നം. 501/2005/ധന, തീയതി 25.11.2005.
2. ശ്രീ.കെ.ജി രവി, ശ്രീമതി.പി.കെ സരോജിനി എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത TA..6168/2012 നമ്പർ കേസിൻമേലുള്ള 16.07.2018 ലെ ഉത്തരവ്.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OP (KAT) 279/19 നമ്പർ കേസ്സിൻ മേലുള്ള 14.07.2022 ലെ ഉത്തരവ്.
4 സ.ഉ(സാധാ) നം. 871/2023/തസ്വഭവ, തീയതി 13.04.2023.
5 പഞ്ചായത്ത് ഡയറക്ടറുടെ 29.12.2022 ലെ പാൻ15314/2022-ഇ9(ഡിപി) നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമ പഞ്ചായത്തിൽ കാഷ്വൽ സ്വീപ്പറായി 1996 മുതൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി പി.കെ സരോജിനി, 2001 മുതൽ റോഡ് സ്വീപ്പറായി സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ. കെ.ജി.രവി എന്നിവർ ടിയാളുകളെ സ്ഥിരപ്പെടുത്തുന്നതിനായി ഫയൽ ചെയ്തിരുന്ന TA 6168/2012 (WP(C)7900/2009) ഹർജിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവാകുകയുണ്ടായി.

"....... Therefore, there will be a direction to the 1st respondent to see that necessary steps are taken to regularise the services of the applicants, if the sweeping area of the 4th respondent panchayat justify the sanction of necessary posts. As it is admitted in Ext.P8 order that the sweeping area has already been determined by the competent authority the 1st respondent shall take necessary action for regularising the services of the applicants. The 1st respondent shall complete the entire process, within a

period of four months from the date of receipt of a certified copy of this order. The Transferred Application is allowed as above."

2. പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിൽ 20.07.1996 മുതൽ ഓഫീസ് കെട്ടിടം ശുചീകരണത്തിനായി നിയമിക്കപ്പെട്ടിരുന്ന ശ്രീമതി.പി.കെ സരോജിനിയും, റോഡ് ശുചീകരണത്തിനായി 01.07.2001 മുതൽ കാഷ്വൽ സ്വീപ്പറായി നിയമിക്കപ്പെട്ടിരുന്ന ശ്രീ കെ.ജി.രവിയും, പ്രസ്തുത തസ്തികയിലെ നിയമനം ക്രമീകരിക്കുന്നതിനും അതിൻപ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും അപേക്ഷിച്ച് യഥാക്രമം WP(C)22848/2004, WP(C) 29654/2005 നമ്പരുകളിലായി ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റിഷനുകളിന്മേൽ, ഹർജി കക്ഷികളുടെ അപേക്ഷകൾ പരിഗണിച്ച് ഉത്തരവാകുന്നതിന് എതിർ കക്ഷികൾക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൻ പ്രകാരം നടപടി സ്വീകരിച്ചുകൊണ്ടിരിക്കവെ കാഷ്വൽ സ്വീപ്പർമാരുടെ നിയമനം ക്രമപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പരാമർശം(1) പ്രകാരം സർക്കാർ പുറപ്പെടുവിക്കുകയുണ്ടായി.

3. പരാമർശം(1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറമറ്റം ഗ്രാമപഞ്ചായത്തിലെ സ്വീപ്പർമാരായ ശ്രീമതി പി.കെ സരോജിനിയുടേയും ശ്രീ.കെ.ജി രവിയുടേയും സേവനം പുറമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്രമീകരിക്കുകയും ശമ്പള കുടിശ്ശിക നൽകുകയുമുണ്ടായി. എന്നാൽ, പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട്, ഏൺഡ് ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകാത്തതിനെ തുടർന്ന് അപേക്ഷകർ ബഹു. ഹൈക്കോടതി മുമ്പാകെ WP(C) 7900/2009 നമ്പറായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി ഈ വിഷയം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് TA 6168/2012 നമ്പർ കേസായി കൈമാറുകയും ചെയ്യുകയുണ്ടായത്.

4. പരാമർശം(2) ഉത്തരവിനെതിരെ സർക്കാർ OP(KAT) 279/2019 ഫയൽ ചെയ്തിരുന്ന അപ്പീലിന്മേൽ ബഹു.ട്രിബ്യൂണൽ 14/07/2022 നു ചുവടെ ചേർക്കും പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു.

"Thus we deem it appropriate to allow this OP KAT to the limited extent of vacating the last direction of the Tribunal that requires the government to take necessary action for regularization of the service of the respondent /applicants and to complete the said exercise within a period of four months granted by the tribunal. Instead we direct the Government to complete the exercise of verification of the sweeping area in relation to each of the respondent/applicants and take a decision in the light of the Government orders of 2005 and 2006 referred above and thereafter take a decision with regard to regularization of the service of the respondents/applicants.

5. പരാമർശം(1) ഉത്തരവ് അനുസരിച്ച് 800 ച . മീ വരെ സ്വീപ്പിങ്ങ് ഏരിയ ഉള്ള ഓഫീസുകളിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്കാണ് അർഹത ഉള്ളത്. മാത്രമല്ല റോഡ് സ്വീപ്പർ എന്ന തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് ഈ ഉത്തരവിന്റെ പരിധിയിൽ വരുന്ന വിഷയവുമല്ല. ഈ സാഹചര്യത്തിൽ ശ്രീമതി. പി.കെ സരോജിനി 20.07.1996 തീയതി മുതൽ പുറമറ്റം ഗ്രാമപഞ്ചായത്തിൽ കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്ത് വരികയാണ് എന്ന വസ്തുത കണക്കിലെടുത്തും ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ സ്വീപ്പിങ്ങ് ഏരിയ നിലവിൽ ഉണ്ട് എന്നതിനാലും OP(KAT)No. 279/2019 ൽ 14.07.2022 ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ പുറമറ്റം ഗ്രാമപഞ്ചായത്തിൽ

ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി. പി.കെ സരോജിനിയെ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തി പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റോഡ് സ്വീപ്പർ തസ്തികയിലുള്ള ശ്രീ കെ.ജി.രവി യുടെ ക്രമവത്ക്കരണം പരാമർശം (1) ഉത്തരവിന്റെ പരിധിയിൽ വരുന്നില്ല എന്നതിനാൽ മാത്രമല്ല താൽക്കാലിക ജീവനക്കാരെ ഇത്തരത്തിൽ സ്ഥിരപ്പെടുത്തുന്നത് State of Karnataka V. Umadevi കേസിലെ ബഹു. സുപ്രീം കോടതി വിധിക്ക് എതിരാകും. 25.11.2005 ലെ സ.ഉ.(പി) നം.501/2005/ഫിൻ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം റോഡ് സ്വീപ്പർ തസ്തികയിലെ ജീവനക്കാർക്ക് അനുവദനീയമല്ലാത്തതിനാലും ശ്രീ കെ ജി രവി 04.06.2023 മുതൽ പുറമറ്റം ഗ്രാമപഞ്ചായത്തിൽ നിലവിൽ താൽകാലിക പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനത്തിൽ തുടരുന്നില്ല എന്ന വസ്തുതയും കൂടി കണക്കിലെടുത്ത് ടിയാന്റെ സേവനം ക്രമീകരികരിക്കണമെന്നാവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം (3) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OP(KAT) 279/2019 നമ്പർ കേസ്സിൻമേലുള്ള 14.07.2022 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ.കെ.ജി രവി, പുറമറ്റം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖാന്തിരം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, പത്തനംതിട്ട ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, പുറമറ്റം ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
നിയമ വകുപ്പ് (ST-II 1/137/2024-നിയമം) തീയതി 07.04.2025
ധന വകുപ്പ്(18.03.2023 ലെ ഡെവ-1/15/2019-ധന) നമ്പർ കുറിപ്പ് പ്രകാരം
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.
കരുതൽ ഫയൽ / ആഫീസ് പകർപ്പ്. (ഫയൽ നം. 85/ഇപിഎ2/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Pradeep Kumar.
C. O
Date: 25-06-2025 09:47:19